

അൽത്താഫ് മുജീബും കെ.കെ.ശിവകുമാറും നിധീഷ് സുധാകരനും അക്ഷരങ്ങൾ ഉപയോഗിച്ചു വരച്ച മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൽകലാമിന്റെ ചിത്രത്തിനു മുന്നിൽ.

Malayala Manorama. 9/4/2021

# അക്ഷരചിത്രം തീർത്ത് റെക്കോർഡുമായി വിദ്യാർഥികൾ

കളമശേരി ● അക്ഷരങ്ങൾ കൊണ്ട് ചിത്രം വരച്ച് ഇന്റർനാഷനൽ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ ഇടം കണ്ടെത്തിയ അഭിമാനത്തിലും സന്തോഷത്തിലുമാണ് എടത്തല അൽഅമീൻ കോളജിലെ രണ്ടാം വർഷ ബിരുദ വിദ്യാർഥികളായ അൽത്താഫ് മുജീബും കെ.കെ.ശിവകുമാറും നിധീഷ് സുധാകരനും.

മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാമിന്റെ ഉദ്ധരണികളും ജീവചരിത്രവും പേരും ഉപയോഗിച്ചു 2 മീറ്റർ നീളത്തിൽ അദ്ദേഹത്തിന്റെ ചിത്രം രചിച്ചാണ് ഇവർ ഈ നേട്ടം കയ്യെത്തിപ്പിടിച്ചത്. 4 ദിവസം 36 മണിക്കൂർ സമയമെടുത്താണ് ഇവർ ഇതു പൂർത്തീകരിച്ചത്.

ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സിലും ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇവർ ഇടം പിടിച്ചു. 3 ലക്ഷത്തിലേറെ അക്ഷരങ്ങളും 25000ത്തോളം പ്രാവശ്യം ഡോ.അബ്ദുൽകലാമിന്റെ പേരും എഴുതിയാണ് ചിത്രം പൂർണതയിലെത്തിച്ചത്